**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1802 — **16.02.2016- ൽ മറുപടിയ്ക്കായി**

**എൻഡോസൾഫാൻ ദുരിതബാധിതർക്കായി പാക്കേജ്**

ചോദ്യം — **ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി**

ഉത്തരം — **ഉമ്മൻചാണ്ടി**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എന്തെങ്കിലും പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) | • എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന സമഗ്രപുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• ദുരിതബാധിതരുടെ കടബാദ്ധ്യതകൾ എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് അടിയന്തിര ചികിത്സ സഹായം നൽകുന്നുണ്ട്.<br>• ദുരിതബാധിത 11 പഞ്ചായത്തുകളിൽ സമ്മതം അറിയിച്ചിട്ടുള്ള 9 പഞ്ചായത്തുകൾക്ക് കേരള സാമൂഹ്യസുരക്ഷാ മിഷന്റെ സഹകരണത്തോടെ ഓരോ ആമ്പുലൻസുകൾ വീതം നൽകിയിട്ടുണ്ട്.<br>• എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്കു വേണ്ടി ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 700/- രൂപ നൽകിവരുന്നു.<br>• 11 ദുരിതബാധിത ഗ്രാമപഞ്ചായത്തുകളിലും പരിശീലനം ലഭിച്ച രണ്ടു വീതം സ്റ്റാഫ് നഴ്സുകൾ കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ പരിചരണങ്ങൾ നൽകി വരുന്നു.<br>• നബാർഡ് RIDF പദ്ധതി പ്രകാരം, എൻഡോസൾഫാൻ ദുരിതബാധിത |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ സേവനമേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സൗജന്യമായി ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിൽ 7 ഡയാലിസിസ് യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>• എൻഡോസൾഫാൻ ദുരിത ബാധിതർക്കുവേണ്ടി ഭവനപദ്ധതി സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തോടു കൂടി സാഫല്യം എന്ന പേരിൽ നടപ്പിലാക്കുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 3 കാറ്റഗറിയിലുള്ളവർക്കും (പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ശാരീരികവൈകല്യം സംഭവിച്ച വർക്കും), കൂടാതെ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കാത്ത ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായത്തിന്റെ 3 ൽ 2 ഗഡുക്കൾ നൽകിയിട്ടുണ്ട്.<br>• പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രത്യേക ധനസഹായത്തിന്റെ 1.5 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും ശാരീരിക വൈകല്യമുള്ളവർക്കും |

| | | | |
|---|---|---|---|
| | | | ക്യാൻസർ രോഗികൾക്കും 1 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും നൽകിയിട്ടുണ്ട്.<br>• ആകെ **89.925** കോടി രൂപ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രത്യേക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 2011 മുതൽ 1000, 2000 രൂപ എന്നിങ്ങനെ പ്രതിമാസം നൽകി വന്ന പെൻഷൻ 01.04.2015 മുതൽ 200 രൂപ വീതം വർദ്ധിപ്പിച്ച് 1200, 2200 രൂപ എന്നിങ്ങനെ നൽകി വരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യമായി ചികിത്സ നൽകിവരുന്നുണ്ട്. മെഡിക്കൽ കോളേജുകൾ അടക്കം 17 എംപാനൽഡ് ആശുപത്രികളിൽ സൗജന്യമായി വിദഗ്ധ ചികിത്സയും നൽകിവരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവരിൽ അപേക്ഷ സമർപ്പിച്ചവർക്ക് റേഷൻകാർഡ് ബി പി.എൽ ആക്കി മാറ്റിയിട്ടുണ്ട്. ദുരിതബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യമായി റേഷൻ നൽകി വരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ 2000 രൂപ വീതവും ഹൈസ്കൂളുകളിൽ 3000 രൂപ വീതവും ഹയർസെക്കന്ററികളിൽ 4000 രൂപ വീതവും ആണ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നത്.<br>• മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും |

| | | | |
|---|---|---|---|
| | | | നീലേശ്വരം മുൻസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകളുകൾ പ്രവർത്തിക്കുന്നുണ്ട്.<br>• നിലവിൽ ബഡ്സ് സ്കൂളുകൾക്ക് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് പുറമെ പുതുതായി ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച സ്പെഷ്യൽ വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ല കളക്ടറുടെ പേരിൽ വാങ്ങി നൽകി വരുന്നു.<br>• എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ആശുപത്രികളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര സൗകര്യം.<br>• ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകളും ലഭ്യമാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**